വൈദ്യുതി ചാർജ്ജ് ഇളവ്

45 [344] ശ്രീ. ടി. എൻ. പ്രതാപൻ:
.. ജോർജ് ജെ. മാത്യു:
.. കെ. എ. ചന്ദ്രൻ:
.. കെ. മോഹൻകുമാർ:
.. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് എന്നുമുതലാണ് കുറച്ചിട്ടുള്ളത്; യൂണിറ്റൊന്നിന് എത്ര പൈസ വീതമാണ് കുറയ്ക്കുന്നത്;

(ബി) എത്ര യൂണിറ്റ് വൈദ്യുതി വരെ ഉപയോഗിക്കുന്നവർക്കാണ് ഈ കുറവെന്ന് പറയുമോ;

(സി) ഇത്രയും യൂണിറ്റു വരെയുള്ള വൈദ്യുതി ഒരു മാസം കൊണ്ടുപയോഗിക്കുന്നവർക്കാണോ അതോ ഒരു പ്രാവശ്യത്തെ വൈദ്യുതി ഉപഭോഗത്തിന് രണ്ട് മാസം കൂടുമ്പോൾ ബില്ലടയ്ക്കുന്നവർക്കാണോ ഈ കുറവ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-1-2006 മുതലാണ് കുറച്ചിട്ടുള്ളത്. L. T. I. (a) ഗാർഹികം, L. T. VII. (A) & (B) വാണിജ്യം എന്നീ വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് യൂണിറ്റൊന്നിന് 20 പൈസ വീതം കുറവു വരുത്തിയിട്ടുണ്ട്.

(ബി) ഉപഭോഗത്തിന് പരിധിയൊന്നും നിശ്ചയിച്ചിട്ടില്ല.

(സി) മേല്പറഞ്ഞ വിഭാഗത്തിൽപ്പെട്ട എല്ലാ ഉപഭോക്താക്കൾക്കും ഈ ആനുകൂല്യം ലഭ്യമാണ്.

സൈലന്റുവാലി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് പകരമായുള്ള പദ്ധതി

46 [346] ശ്രീ. കളത്തിൽ അബ്ദുള്ള:
.. പി. കെ. കെ. ബാവ:
.. ടി. പി. എം. സാഹിർ:
.. കെ. എൻ. എ. ഖാദർ:
.. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലന്റുവാലി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന് പകരമായി കേരളത്തിന് ഇപ്പോൾ ഏതെങ്കിലും പദ്ധതി ആലോചനയിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

---

(345)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുന്തിപ്പുഴയിൽ സൈലന്റ് വാലി നാഷണൽ പാർക്കിന് വെളിയിലായി പാത്രക്കടവ് ജലവൈദ്യുത പദ്ധതി (70 മെഗാ വാട്ട്) സ്ഥാപിക്കുവാൻ ആലോചനയുണ്ട്.

(ബി) പാത്രക്കടവ് ജലവൈദ്യുത പദ്ധതി ഒരു Run of the river scheme ആയാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ഇതിന്റെ സംഭരണശേഷി 0.872 Mm^3 ഉം, മുടങ്ങിപ്പോകുന്ന പ്രദേശം 4.1 ഹെക്ടറും ആണ്. 275 മീറ്റർ നീളവും 60 മീറ്റർ പൊക്കവും ഉള്ള ഡാം, 1640 മീറ്റർ നീളമുള്ള ടണൽ, 900 മീറ്റർ നീളമുള്ള പെൻ സ്റ്റോക്ക്, 70 മെഗാ വാട്ട് ശേഷിയുള്ള ഒരു പവ്വർ ഹൗസ് എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. പ്രസ്തുത പദ്ധതിക്ക് 40.9 ഹെക്ടർ സ്ഥലം ആവശ്യമാണ്. ഇതിൽ 22.16 ഹെക്ടർ വനഭൂമിയും, 4.72 ഹെക്ടർ സ്വകാര്യ ഭൂമിയും ബാക്കി കെ. എസ്. ഇ., ബി.-യുടെ കൈവശം ഉള്ള ഭൂമിയും ആണ്.

രാജീവ് ഗാന്ധി കംബൈൽഡ് സൈക്കിൾ പവ്വർ പ്രോജക്ട്

47 [347] ശ്രീ. വി. ജെ. പൗലോസ്:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി കംബൈൽഡ് സൈക്കിൾ പവ്വർ പ്രോജക്ടിന്റെ പണി ആരംഭിച്ചുവോ:

(ബി) ഈ പ്രോജക്ട് പൂർത്തിയാകുമ്പോൾ എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയും;

(സി) ഈ പ്രോജക്ട് എന്ന് പൂർത്തിയാകും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 16-2-2005-ൽ പ്രോജക്ടിന് പ്രധാനമന്ത്രി ശ്രീ. മൻമോഹൻസിംഗ് തറക്കല്ലിട്ടു.

(ബി) 1950 മെഗാ വാട്ട് അധികമായി ഉല്പാദിപ്പിക്കാൻ കഴിയും.

(സി) 2010-12 വർഷത്തിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

വൈദ്യുതി ബോർഡിൽനിന്നും സമാശ്വാസ പദ്ധതി

48 [348] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാർ വൈദ്യുതി ബോർഡിൽനിന്നും എന്തെല്ലാം സമാശ്വാസ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly